നമ്പർ.HRD/Gen/2008

ചീഫ് എഞ്ചിനീയരുടെ കാര്യാലയം
(ഡിസൈൻ & അഡ്മിനിസ്ട്രേഷൻ)
പൊതുമരാമത്ത് വകുപ്പ്
തിരുവനന്തപുരം
തീയതി : 17/10/2012

## സർക്കുലർ

വിഷയം:- പൊതുമരാമത്ത് വകുപ്പ് – ജീവനക്കാർക്ക് പരിശീലനം – ഹാജരാകുന്നത് - സംബന്ധിച്ച്.

പൊതുമരാമത്ത് വകുപ്പിലെ ജീവനക്കാർക്ക് വിവിധ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനുള്ള നടപടികൾ കൈകൊണ്ട് വരികയാണ്. ഇതിന്റെ ഭാഗമായി നിരവധി പരിശീലന പരിപാടികൾ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ വെച്ച് (KHRI) നടത്തുന്നതിന് ഒരു കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. ഇതനുസരിച്ചിട്ടുള്ള പരിശീലന പരിപാടികളിൽ ജീവനക്കാർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. പങ്കെടുക്കാത്തതുമൂലം സർക്കാരിനുണ്ടാകുന്ന സകല കഷ്ടനഷ്ടങ്ങൾക്കും പങ്കെടുക്കാത്ത ജീവനക്കാർ ഉത്തരവാദികളായിരിക്കുന്നതും നഷ്ട സംഖ്യ വസൂലാക്കുന്നതുമാണ്. ഏതെങ്കിലും കാരണവശാൽ ജീവനക്കാർക്ക് പങ്കെടുക്കാൻ കഴിയാതെ വരികയാണെങ്കിൽ സമാന തസ്തികയിലുള്ള ജീവനക്കാരെ പകരം നിയോഗിക്കുന്നതിന് ഓഫീസ് മേലധികാരി നടപടിയെടുക്കേണ്ടതാണ്. ഇക്കാര്യം KHRI ജോയിന്റ് ഡയറക്ടറെ നേരിൽ അറിയിച്ച് അനുമതി വാങ്ങിയശേഷം മാത്രം പകരം ജീവനക്കാരെ നിയോഗിക്കണമെന്ന് നിർ ദ്ദേശിക്കുന്നു.

ചീഫ് എഞ്ചിനീയർ

17/10